**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5954** **09-11-2021 - ൽ മറുപടിയ്ക്ക്**

**മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീ കരിച്ച പട്ടികവർഗ്ഗ കോളനികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത കോളനികളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം നടപ്പാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളിലെ മാവോവാദി സാന്നിദ്ധ്യത്തെ സംബന്ധിച്ച് മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ട് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന കോളനികളിൽ മാവോവാദി സാന്നിദ്ധ്യം അറിയിച്ചിട്ടുണ്ട്. പ്രസ്തുത കോളനികളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ച പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചെയ്യാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; മലപ്പുറം ജില്ലാ കളക്ടറുടെ സന്ദർശനത്തെ തുടർന്ന് ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ഉൾപ്പെടെയുള്ള വിവിധ സർക്കാർ വകുപ്പുകൾ നടപ്പിലാക്കിവരുന്ന എല്ലാവിധ വിദ്യാഭ്യാസ, ആരോഗ്യ സാമൂഹ്യ-സാമ്പത്തിക ഉന്നമന പദ്ധതികൾ എന്നിവ മേൽ കോളനികളിൽ യഥാസമയം നടപ്പിലാക്കിവരുന്നു. കൂടാതെ ഓരോ കോളനിയിലെയും ഊരുകൂട്ടത്തിന്റെ മുൻഗണന ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് സംസ്ഥാനതല, ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്ക് വിധേയമായി നടപ്പിലാക്കിവരുന്നു. ജില്ലാ കളക്ടറുടെ സന്ദർശനത്തിനോടനുബന്ധിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | 2019-ലെ പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ലാത്ത നിലമ്പൂർ മണ്ഡലത്തിലെ ഉൾവനങ്ങളിലുള്ള പട്ടികവർഗ്ഗ കോളനികളിൽ പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ; ഇതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പ്രത്യേക പാക്കേജ് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | കോളനികൾ | വിദ്യാഭ്യാസ പദ്ധതി | ആരോഗ്യ പദ്ധതി | സാമൂഹ്യ സാമ്പത്തിക ഉന്നമന പദ്ധതി |
|---|---|---|---|---|
| 1 | പുഞ്ചക്കൊല്ലി കോളനി | 1,73,06,653 | 10,55,816 | 1,56,00,000 |
| 2 | അളക്കൽ കോളനി | 79,48,916 | 26,00,600 | 89,56,645 |
| 3 | കുമ്പളപ്പാറ കോളനി | 93,00,819 | 21,59,379 | 63,60,754 |
| 4 | വാണിയംപുഴ കോളനി | 18,53,514 | 12,30,688 | 26,38,617 |
| 5 | തരിപ്പപ്പൊട്ടി കോളനി | 16,38,212 | 14,56,414 | 22,60,320 |
| 6 | ചെമ്പ്ര കോളനി | 1,10,35,369 | 18,33,280 | 1,54,840 |
| 7 | അപ്പൻകാപ്പ് കോളനി | 2,53,376 | 33,73,685 | 2,33,265 |
| 8 | തൻകല്ല് കോളനി | 84,00,368 | 14,37,623 | 53,84,317 |
| 9 | ടി.കെ. കോളനി | -- | -- | 25850 |
| 10 | പാട്ടക്കരിമ്പ് | 1,73,69,835 | 26,85,415 | 2,66,35,815 |
| 11 | മാഞ്ചീരികോളനി | 73,69,617 | 4,34,325 | 86,33,321 |
| 12 | താളിപ്പുഴ കോളനി | 16,69,510 | 44575 | 23,69,493 |
| 13 | മുക്കടവ് കോളനി | 1,68,59,117 | 24,66,515 | 63,54,618 |
| 14 | ഉച്ചക്കുളം കോളനി | 36,88,214 | 8,33,516 | 85,33,810 |

സെക്ഷൻ ഓഫീസർ